**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.869 01.03.2017 ന് മറുപടിയ്ക്ക്.

**വന്യജീവി സങ്കേതങ്ങളിൽ പ്രകൃതി പഠന ക്ലാസ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന് കീഴിൽ വന്യജീവി സങ്കേതങ്ങളിൽ പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടോ ; | (എ) വന്യജീവി സങ്കേതങ്ങളിൽ പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം സങ്കേതങ്ങളിലാണെന്ന് വ്യക്തമാക്കുമോ; | (ബി) 1. നെയ്യാർ (നെയ്യാർ വൈൽഡ് ലൈഫ് സാങ്ച്വറി)<br>2. പേപ്പാറ (പേപ്പാറ വൈൽഡ് ലൈഫ് സാങ്ച്വറി)<br>3. തെന്മല (ശെന്തുരുണി വൈൽഡ് ലൈഫ് സാങ്ച്വറി)<br>4. തേക്കടി (പെരിയാർ ടൈഗർ റിസർവ്വ്)<br>5. മൂന്നാർ (ഇരവികുളം നാഷണൽ പാർക്ക്)<br>6. ചിന്നാർ (ചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറി)<br>7. വെള്ളപ്പാറ (ഇടുക്കി വൈൽഡ് ലൈഫ് സാങ്ച്വറി)<br>8. തട്ടേക്കാട് (തട്ടേക്കാട് ബേർഡ് സാങ്ച്വറി)<br>9. ചിമ്മിനി (ചിമ്മിനി വൈൽഡ് ലൈഫ് സാങ്ച്വറി)<br>10. പീച്ചി (പീച്ചി-വാഴാനി വൈൽഡ് ലൈഫ് സാങ്ച്വറി)<br>11. പറമ്പിക്കുളം (പറമ്പിക്കുളം ടൈഗർ റിസർവ്വ്)<br>12. മുക്കാലി (സൈലന്റ് വാലി നാഷണൽ പാർക്ക്)<br>13. മുത്തങ്ങ (വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി)<br>14. ചെതലത്ത് (വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി)<br>15. തോൽപ്പെട്ടി (വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി)<br>16. ആറളം (ആറളം വൈൽഡ് ലൈഫ് സാങ്ച്വറി) |

| | |
|---|---|
| (സി) പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ? | (സി) വനം വകുപ്പ്, തിരുവനന്തപുരം, ശെന്തുരുണി, പെരിയാർ ഈസ്റ്റ്, പെരിയാർ വെസ്റ്റ്, ഇടുക്കി, മൂന്നാർ, പീച്ചി, പറമ്പിക്കുളം, സൈലന്റ് വാലി, വയനാട്, ആറളം എന്നീ വൈൽഡ് ലൈഫ് വാർഡൻമാരുടെ നിയന്ത്രണത്തിൽ കേരളത്തിലെ വന്യജീവി സങ്കേതങ്ങളിൽ, പ്രകൃതി പഠന ക്യാമ്പുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തി വരുന്നുണ്ട്. അരദിവസം (എൽ.കെ.ജി, യു.കെ.ജി, എൽ.പി.എസ്-ലെ കുട്ടികൾക്ക്), ഒരു ദിവസം, രണ്ടു ദിവസം, മൂന്ന് ദിവസം ദൈർഘ്യമുള്ള ക്യാമ്പുകളാണ് നടത്തുന്നത്. സർക്കാർ അംഗീകൃത വിദ്യാലയങ്ങളുടെ തലവന്മാർ പരിസ്ഥിതി ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡൻ/ ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്കാണ് സമർപ്പിക്കേണ്ടത്. പരമാവധി 40 പേർക്ക് ഒരോ ക്യാമ്പിലും പങ്കെടുക്കാവുന്നതാണ്. ലഭിക്കുന്ന അപേക്ഷ മുൻഗണനാക്രമം അനുസരിച്ച് അര ദിവസം മുതൽ 3 ദിവസം വരെ ദൈർഘ്യമുള്ള ക്യാമ്പുകളാവും അനുവദിക്കുക. അതതു വന്യജീവി സങ്കേതത്തോട് ചേർന്നുള്ള പ്രദേശങ്ങളിലെ അപേക്ഷകർക്ക് മുൻഗണന ഉണ്ടായിരിക്കും. മാധ്യമ പ്രവർത്തകർ, ചാരിറ്റബിൾ, ഗവണ്മെന്റിതര യുവജന സംഘടനകൾ എന്നിവർ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം)-ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് അംഗങ്ങൾ, കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിലർമാർ എന്നിവർ അതാത് വൈൽഡ് ലൈഫ് വാർഡൻമാർ/ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഒരു മാസം മുമ്പേ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക വനം വകുപ്പിന്റെ വെബ് സൈറ്റായ www.keralaforest.gov.in -ൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ